## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3770** **12-03-2025 - ൽ മറുപടിയ്ക്ക്**

## ഇറച്ചി, മുട്ട ഉൽപാദനം വർധിപ്പിക്കാൻ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഇറച്ചി, മുട്ട ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് പോൾട്രി കോർപ്പറേഷൻ മുഖേന എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ? | (എ) | **സംസ്ഥാനത്ത് കോഴി ഇറച്ചി, കോഴി മുട്ട എന്നിവയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും സ്വയം പര്യാപ്തത നേടുന്നതിനുമായുള്ള ലക്ഷ്യം മുന്നിൽ കണ്ട് കൊണ്ട് പൊതുമേഖലാ സ്ഥാപനമായ സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ (കെപ്കോ) വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നു. തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്നിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കോഴി പ്രജനന കേന്ദ്രത്തിൽ ഉൽപ്പാദിപ്പിക്കുന്ന ഇറച്ചിക്കോഴി കുഞ്ഞുങ്ങളെ കോൺട്രാക്ട് / കുടുംബശ്രീ ഫാമിംഗ് പദ്ധതിയിലൂടെ യൂണിറ്റുകൾക്ക് വളർത്താൻ നൽകുകയും 45 ദിവസം പ്രായമാകുമ്പോൾ കെപ്കോ തന്നെ വിലയ്ക്ക് തിരിച്ചെടുത്ത് സ്വന്തം പ്രോസസ്സിംഗ് പ്ലാന്റിൽ സംസ്കരിച്ച് കോഴിയിറച്ചിയും, അനുബന്ധ ഉൽപ്പന്നങ്ങളു മാക്കി കെപ്കോ ഏജൻസികൾ വഴി ഉപഭോക്താക്കൾക്ക് മിതമായ വിലയ്ക്ക് "കെപ്കോ കേരള ചിക്കൻ" എന്ന ബ്രാൻഡിൽ ലഭ്യമാക്കുന്നു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ കെപ്കോ ഏജൻസികൾ പ്രവർത്തിച്ചുവരുന്നു. അതിനു പുറമെ ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ചെറുകിട കോഴിവളർത്തൽ കർഷകർക്ക് കുടപ്പനക്കുന്ന് ഹാച്ചറിയിൽ നിന്നും മിതമായ നിരക്കിൽ ലഭിക്കുന്നതാണ്. കേരള ചിക്കൻ പദ്ധതിക്ക് ആവശ്യമായ ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെയും കെപ്കോയിൽ നിന്നും ലഭ്യമാക്കി വരുന്നു**<br><br>**കൂടാതെ, സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ കീഴിലുള്ള കൊട്ടിയം, മാള ഫാമുകളിൽ നിന്നും കർഷകർക്ക് ആവശ്യമുള്ള ഗ്രാമശ്രീ ഇനത്തിൽപ്പെട്ട മുട്ടക്കോഴി കുഞ്ഞുങ്ങളെയും ബി.വി-380 ഇനത്തിൽപ്പെട്ട മുട്ടക്കോഴിക്കുഞ്ഞുങ്ങളെയും ആവശ്യാനുസരണം മിതമായ നിരക്കിൽ നൽകി വരുന്നു. കോർപ്പറേഷൻ നടപ്പിലാക്കിയ വിവിധ പദ്ധതികളായ പട്ടികജാതി-** |

| | | | |
|---|---|---|---|
| | | | പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കുള്ള കോഴി വളർത്തൽ, നഗരപ്രിയ, വില്ലേജ് പൗൾട്രി, കെപ്കോ ആശ്രയ, കെപ്കോ വനിതാമിത്രം, കുഞ്ഞ് കൈകളിൽ കോഴിക്കുഞ്ഞ് ബ്ലോക്ക് പഞ്ചായത്ത് തല 100 കോഴിയും, കൂട്ടും പദ്ധതി തുടങ്ങിയവ കെപ്കോ വിജയകരമായി പൂർത്തിയാക്കി കഴിഞ്ഞു. കെപ്കോ നടപ്പാക്കിയ പദ്ധതികളിലൂടെ കഴിഞ്ഞ 8 വർഷത്തിനുള്ളിൽ ഏകദേശം 90 കോടി മുട്ട അധികമായി ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് കണക്കാക്കപ്പെടുന്നു.<br><br>കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന് കീഴിൽ കുടപ്പനക്കുന്നിൽ ആധുനിക രീതിയിലുള്ളതും, പദ്ധതി തുടങ്ങി മൂന്നാമത്തെ വർഷം മുതൽ ദിവസം 50,000 മുട്ട ലഭിക്കുന്ന രീതിയിലുള്ളതുമായ പുതിയ HI-TECH LAYER FARM IN ENVIORNMENTALY CONTROLLED SHED- ന്റെ പണികൾ പുരോഗമിച്ചു വരുന്നു. ടി പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് സംസ്ഥാനത്ത് കോഴിമുട്ടയുടെ അധിക ഉൽപ്പാദനം സാധ്യമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കൊല്ലം ജില്ലയിൽ കോട്ടുക്കലിൽ ഒരു പുതിയ ഫാം, പ്രോസസ്സിംഗ് പ്ലാന്റ് എന്നിവ സ്ഥാപി ക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ